# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 17**

---

## എം.ജി സർവകലാശാല - വി.എം.ആർ.എഫ്.ഡി.യു സഹകരണത്തിന് ധാരണ

മഹാത്മാ ഗാന്ധി സർവകലാശാലയും തമിഴ്നാട്ടിലെ സേലം ആസ്ഥാനമായി പ്രവർത്തിക്കുന്ന വിനായക മിഷൻ റിസർച്ച് ഫൗണ്ടേഷൻ ഡീംഡ് സർവകലാശാലയും(വി.എം.ആർ.എഫ്.ഡി.യു) തമ്മിൽ സഹകരണത്തിന് ധാരണയായി. എം.ജി. സർവകലശാലാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാറും വി.എം.ആർ.എഫ്.ഡി.യു രജിസ്ട്രാർ ഡോ. ബി. ജയകറും ധാരണാപത്രത്തിൽ ഒപ്പുവച്ചു.

എം.ജി. സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, വി.എം.ആർ.എഫ്.ഡി.യു വൈസ് ചാൻസലർ ഡോ. പി.കെ. സുധീർ, റിസർച്ച് ഡയറക്ടർ ഡോ. എസ്.എ.വി സത്യമൂർത്തി, ഐ.ഐ.ഇ ഡയറക്ടർ ഡോ. എ. നാഗപ്പൻ എന്നിവർ സന്നിഹിതരായിരുന്നു.

അധ്യാപന, ഗവേഷണ മേഖലകളിലെ സഹകരണത്തിൻറെ ഭാഗമായി സംയുക്ത ഗവേഷണ പരിപാടികൾ, ഗവേഷണ പ്രബന്ധങ്ങളുടെ പ്രസിദ്ധീകരണം, പേറ്റൻറ് നടപടികൾ, അധ്യാപകരുടെയും ഗവേഷകരുടെയും കൈമാറ്റം, വിദ്യാർഥികളുടെ സന്ദർശനം തുടങ്ങിവ ലക്ഷ്യമിടുന്നതായി പ്രഫ. സാബു തോമസ് പറഞ്ഞു.

..................

**ഫോട്ടോ ക്യാപ്ഷൻ..**

മഹാത്മാ ഗാന്ധി സർവകലാശാലയും വിനായക മിഷൻ റിസർച്ച്

ഫൗണ്ടേഷൻ ഡീംഡ് സർവകലാശാലയും തമ്മിൽ ഒപ്പുവച്ച ധാരണാപത്രം വൈസ് ചാൻസലർമാരായ പ്രഫ. സാബു തോമസും ഡോ.പി.കെ. സുധീറും പ്രദർശിപ്പിക്കുന്നു. ഡോ. എ.നാഗപ്പൻ, ഡോ. ബി. പ്രകാശ് കുമാർ, ഡോ. ബി. ജയകർ, ഡോ. എസ്.എ.വി സത്യമൂർത്തി എന്നിവർ സമീപം.

(പി.ആർ.ഒ/39/414/2023)

*മെയ് രണ്ടു വരെ അപേക്ഷിക്കാം*

## പി.ജി. പൊതു പ്രവേശന പരീക്ഷ മെയ് 20നും 21നും

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ വകുപ്പുകളിലും ഇൻറർ സ്കൂൾ സെൻററുകളിലും 2023-24 വർഷം ബിരുദാനന്തര ബിരുദ, എം.ടെക്ക് കോഴ്സുകളിൽ പ്രവേശനത്തിനുള്ള പരീക്ഷ മെയ് 20, 21 തീയതികളിൽ നടത്തും.

പരീക്ഷയുടെ ഹാൾ ടിക്കറ്റ് അപേക്ഷകർക്ക് മെയ് 10 മുതൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

ബിരുദ പരീക്ഷ വിജയിച്ചവർക്കും പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും പൊതു പ്രവേശന പരീക്ഷയ്ക്ക് മെയ് രണ്ടുവരെ അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെയും മറ്റ് യോഗ്യതാ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രീകൃത അലോട്ട്മെൻറിലൂടെയാണ് പ്രവേശനം.

www.cat.mgu.ac.in മുഖേന ഓൺലൈനിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിവിധ വകുപ്പുകളിലും കേന്ദ്രങ്ങളിലുമുള്ള ഒന്നിലധികം കോഴ്സുകൾക്ക് ഓൺലൈനിൽ ഒരു അപേക്ഷ നൽകിയാൽ മതിയാകും.

ബിരുദ പരീക്ഷയുടെ ഫലം കാത്തിരിക്കുന്നവർ പ്രവേശനത്തിനുള്ള അവസാന തീയതിക്കു മുൻപ് യോഗ്യതാ രേഖകൾ ഹാജരാക്കണം. വിശദമായ പ്രോസ്പെക്ടസ് cat.mgu.ac.in ലഭിക്കും. ഫോൺ: 04812733595, ഇമെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/415/2023)

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ; വാക്ക്-ഇൻ ഇൻറർവ്യൂ

കോട്ടയം തലപ്പാടി അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരൊഴിവിൽ കരാർ നിയമനത്തിനുള്ള വാക്-ഇൻ ഇൻറർവ്യു ഏപ്രിൽ 28ന് നടക്കും.

ബിരുദവും സർക്കാർ സ്ഥാപനങ്ങളിലോ സർവകലാശാലകളിലോ (ഡിഡിഎഫ്എസ്, ഇ ടെൻഡർ, ഓഫീസ് ഓട്ടമേഷൻ എന്നിവയിൽ പ്രാവീണ്യത്തോടെ) മൂന്നു വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത.

താല്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും സഹിതം 28നു രാവിലെ 11ന് പുതുപ്പള്ളി തലപ്പാടിയിലെ അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾ www.iucbr.ac.in എന്ന വെബ്സൈറ്റിൽ. ഫോൺ:7034345031

(പി.ആർ.ഒ/39/416/2023)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) ബേസിക് കൗൺസലിംഗ് ആൻറ് സൈക്കോതെറാപ്പി എന്ന വിഷയത്തിൽ 10 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു.

താല്പര്യമുള്ളവർ 8547165178, 0481-2731580 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

കോഴ്സിൽ ചേരുന്നതിന് iucdsmgu@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

(പി.ആർ.ഒ/39/417/2023)

## വേനൽക്കാല ക്യാമ്പ് ഏപ്രിൽ 25 മുതൽ

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്-ടേം പ്രോഗ്രാംസ് വിദ്യാർഥികൾക്കായി മഹാത്മാ ഗാന്ധി സർവകലാശാലാ കാന്പസിൽ സംഘടിപ്പിക്കുന്ന വേനൽ ക്യാന്പ് ഏപ്രിൽ 25ന് ആരംഭിക്കും.

15 ദിവസത്തെ ക്യാന്പിൽ കുതിര സവാരി, പ്രഥമ ശുശ്രൂഷ, സംഗീതം, നൃത്തം, കലകൾ, കരകൗശലം, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, സസ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ, ജൈവ കൃഷിയുടെ അടിസ്ഥാന പാഠങ്ങൾ, വ്യക്തിത്വ വികസനം എന്നിവയിൽ പരിശീലനം നൽകും. പ്രകൃതി പഠന യാത്രയുമുണ്ട്. 12 മുതൽ 18 വരെ പ്രായമുള്ള വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഫോൺ: 9496212312

(പി.ആർ.ഒ/39/418/2023)

## പ്രോജക്ട്, വൈവ വോസി

ആറാം സെമസ്റ്റർ ബി.എസ്.സി മോഡൽ-2 ജിയോളജി, മോഡൽ-3 ജിയോളജി ആൻറ് വാട്ടർ മാനേജ്മെൻറ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ വൈവ വോസി, പ്രോജക്ട് മൂല്യനിർണയം, പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 27 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

........................

ആറാം സെമസ്റ്റർ ബി.എ അറബിക്(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഈ മാസം 20 ന് നടക്കും.

........................

ആറാം സെമസ്റ്റർ ബി.എ ഹിന്ദി (സി.ബി.സി.എസ് 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഈ മാസം 24 മുതൽ അതത് കോളജുകളിൽ നടക്കും.

........................

ആറാം സെമസ്റ്റർ ബി.എ ഹിന്ദി (സി.ബി.സി.എസ് 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഈ മാസം 24 മുതൽ നടത്തും.

(പി.ആർ.ഒ/39/419/2023)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.എസ്.സി ഫുഡ് സയൻസ് ആൻറ് ക്വാളിറ്റി കൺട്രോൾ (സി.ബി.സി.എസ് 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റി-അപ്പിയറൻസ് - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 24 മുതൽ അതത് കോളജുകളിൽ നടക്കും.

........................

ആറാം സെമസ്റ്റർ ബി.എസി.സി ഫിസിക്സ്(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 24 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/420/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.സി.എ (2020 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

........................

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ(2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഓഗസ്റ്റ് 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 28 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/421/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**